Website

സ.ഉ.(സാധ്യാ) നം.1126/2023/ID

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള ആധുനിക വൽക്കരണ പദ്ധതി - കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനിക വൽക്കരണം റിലീസ് അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1126/2023/ID തീയതി,തിരുവനന്തപുരം, 04-11-2023

---

പരാമർശം:-

1. 19/07/2022 തീയതിയിലെ (സാധാ)നം. 717/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്
2. 22/06/2023 തീയതിയിലെ സ.ഉ. (സാധാ) നം.614/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്
3. 27/07/2023 തീയതിയിലെ സ.ഉ.(സാധാ)നം.752/2023/വ്യവ നമ്പർ സർക്കാർ ഉത്തരവ്
4. കൈത്തറി ഡയറക്ടറുടെ 03/09/2023 തീയതിയിലെ എച്ച്.എൽ/477/2022-റ്റി2 നം. കത്ത്.
5. 18.10.2023 തീയതിയിലെ സ.ഉ(സാധാ)നം.7345/2023/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്, 2022-23 സാമ്പത്തിക വർഷം ആധുനികവൽക്കരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള 500 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ സൂചന(1) പ്രകാരം റിലീസ് ചെയ്തു നൽകിയിരുന്നു. ബാക്കി തുകയായ 200 ലക്ഷം രൂപയ്ക്ക് സൂചന(2) പ്രകാരം 2023-24 സാമ്പത്തിക വർഷം 6851-00-109-74-01(പി) എന്ന ശീർഷകത്തിൽ നിന്നും റിലീസ് അനുമതി നൽകുകയും പിന്നീട് സൂചന(3) പ്രകാരം റദ്ദാക്കുകയും ചെയ്തിരുന്നു.

(2) എൻ.സി.ഡി.സി. സഹായത്തോടെ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പദ്ധതിക്കായി അനുവദിച്ച 5739.25 ലക്ഷം രൂപയുടെ നവീകരണ പദ്ധതി എൻ.സി.ഡി.സി അനുവദിച്ച 5165.33 ലക്ഷം രൂപയിൽ 1770.62 ലക്ഷം രൂപ കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് ബാക്കി ലഭിക്കുവാനുണ്ടെന്നും സൂചന(4) പ്രകാരം കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ മെഷിനറികൾ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് ആധുനികവൽക്കരണപദ്ധതിന്മേൽ ലഭിക്കാനുള്ള 200 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം 6851-00-109-74-03(പി)-NCDC Assisted Programmes ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്നും അപേക്ഷിക്കുകയും ചെയ്തിരുന്നു.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു *'6851-00-109-74(03) TEXFED-NCDC Assisted Schemes (P)'* ശീർഷകത്തിൽ സൂചന(5) പ്രകാരം അധികധനാനുമതി യിലൂടെ

വകയിരുത്തിയിരിക്കുന്ന 2,00,00,000/-രൂപ (രണ്ടു കോടി രൂപ മാത്രം) എൻ.സി.ഡി.സി ധനസഹായത്തോട്ടു കൂടിയുള്ള കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പദ്ധതിക്കായി ടെക്സ്റ്റെഡിന് റിലീസ് ചെയ്യുന്നതിന്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

1.16.04.2018-ലെ G.O(P) No.62/2018/Fin അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടി ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2. 09-12-2008 ലെ സർക്കുലർ നമ്പർ 84/2008/ഫിൻ, 29/08/2009 ലെ സർക്കുലർ നമ്പർ 75/09/ഫിൻ, 30/01/2018 ലെ സർക്കുലർ നമ്പർ.8/2018/ഫിൻ , 16/06/2018 ലെ സർക്കുലർ 53/2018/ഫിൻ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

4. 11.06.2018-ലെ GO (P) No.88/2018/fin, 03.07.2018-ലെ GO(P) No.100/2018/Fin എന്നിവ പ്രകാരം നൽകിയ, പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ, കൃത്യമായി പാലിക്കേണ്ടതാണ്.

5 . ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

6. വായ്പ, 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' ആയി കണക്കാക്കേണ്ടതാണ്.

7. വായ്പയുടെ കാലാവധി 5 വർഷമായിരിക്കും.

8.ലോൺ പിൻവലിച്ചതിന്റെ ഒന്നാം വാർഷികത്തിൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

9. GO (P)No.169/2018/Fin dated 16.05.2018 പ്രകാരം പലിശ നിരക്ക് പ്രതിവർഷം 9.5%(വാർഷിക സംയുക്തം) ആയിരിക്കും. വായ്പ അനുവദിക്കുന്നതും തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച്, 27.04.2013-ലെ സർക്കുലർ നമ്പർ 40/2013/ഫിൻ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ ഔപചാരികതകളും/നടപടികളും കൈത്തറി ഡയറക്ടർ കൃത്യമായി പാലിക്കേണ്ടതാണ്.

10. വായ്പ, പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതും കൈത്തറി ഡയറക്ടർ അത് കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

11. വീഴ്ച വരുത്തിയാൽ, പ്രതിവർഷം 2.50% പിഴപ്പലിശ, സാധാരണ പലിശ നിരക്കിന് പുറമെ ഈടാക്കേണ്ടതാണ്.

12. തുക സർക്കാരിൽ നിന്നുള്ള വായ്പയായി മില്ലിന്റെ അക്കൗണ്ടുകളിൽ കാണിക്കേണ്ടതാണ്.

13.പലിശ നിരക്ക്, യഥാസമയമുള്ള മുതലിന്റെയും പലിശയുടെയും തിരിച്ചടവ് അടിസ്ഥാനത്തിൽ കണക്കാക്കിയിരിക്കുന്നതിനാൽ, യാതൊരു സാഹചര്യത്തിലും നിരക്കുകളിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതല്ല.

Website

14. മുൻ റിലീസിൽ നിന്നും ചെലവഴിക്കാത്ത ബാക്കി, എന്തെങ്കിലും ഉണ്ടെങ്കിൽ, ഫണ്ടുകളുടെ നിലവിലെ റിലീസിന് അത് ക്രമീകരിക്കേണ്ടതാണെന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

15. തുടർന്ന് ഫണ്ട് അനുവദിക്കേണ്ടുന്ന പ്രൊപ്പോസലുകളിൽ, മുൻപ് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ അനുവദിക്കുന്നതുമായ ഫണ്ടുകളുടെ വിനിയോഗസർട്ടിഫിക്കറ്റ്/ചിലവ് വിശദാംശങ്ങൾ 9/1/2020-ലെ ജി.ഒ(പി)നം.4/2020/ഫിൻ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

16. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച്, 26/11/2021 തീയതിയിലെ GO (P) No.157/2021/Fin & 18/12/2021തീയതിയിലെ G.O.(P) No.171/2021/Fin എന്നിവയിലെ വ്യവസ്ഥകൾ കൈത്തറി ഡയറക്ടർ പാലിക്കേണ്ടതാണ്.

(4) കൈത്തറി ഡയറക്ടർ, പ്രസ്തുത തുക പിൻവലിച്ച് ടെക്സ്റ്റൈഡ് മുഖാന്തരം കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ടെക്സ്റ്റൈഡ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, കൊല്ലം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(G&SSA), കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(A&E), കേരള,തിരുവനന്തപുരം

ധനകാര്യ(പ്ലാനിംഗ്-ബി)വകുപ്പ്

ധനകാര്യ(GMC)വകുപ്പ്

ധനകാര്യ(പി.യു.ഡി)വകുപ്പ് (File No.PU-D1/79/2022-Fin (e-2124688)

വിവര-പൊതുജനസമ്പർക്ക് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sreekumar B സെക്ഷൻ ഓഫീസർ
Date: 04-11-2023 16:50:50